അനധികൃത മരംമുറിയ്ക്കൽ

83 (418) ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പേര്യാ പ്രദേശത്ത് അനധികൃതമായി മരം മുറിച്ചത് വനംവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധമായി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വനം വകുപ്പ് വിജിലൻസ് വിഭാഗം ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. റവന്യൂ വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ പങ്കിനെക്കുറിച്ച് അന്വേഷിക്കുവാൻ റവന്യൂ സെക്രട്ടറിയോട് റവന്യൂ വകുപ്പുമന്ത്രി ആവശ്യപ്പെട്ടിരുന്നു.

(സി) ഫോറസ്റ്റ് വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ നോർത്ത് വയനാട് ഫോറസ്റ്റ് ഡിവിഷന്റെ കീഴിലുള്ള പേര്യ റെയിഞ്ചിലെ വരയാൽ ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽ വരുന്നതും പേര്യ വില്ലേജിലെ സർവ്വേ നം. 88/1എ3-ൽ പെടുന്നതുമായ വട്ടോളി എസ്റ്റേറ്റിൽപ്പെടുന്ന നിക്ഷിപ്ത വനത്തിൽനിന്നും വ്യാപകമായി അനധികൃത മരംമുറി നടത്തിയതിന് കെ.പി.റ്റി. ആക്ടിലെ സെക്ഷൻ 5-ന്റെ ലംഘനം ഉൾക്കൊള്ളിച്ചുകൊണ്ട് 21.1.2000, 24.1.2000, 25.1.2000, 26.1.2000, 27.1.2000, 1.2.2000 എന്നീ തീയതികളിൽ മഹസ്സറുകൾ തയ്യാറാക്കുകയും 1,20,60,249/- രൂപ വിലമതിക്കുന്ന 431 മരങ്ങൾ സർക്കാർ ബന്തവസ്സിൽ എടുക്കുകയും ഉണ്ടായി. അന്വേഷണത്തിൽ മരംമുറി നടന്ന സർവ്വേ നം. 88/1എ3-ൽപ്പെട്ട സ്ഥലം സ്വകാര്യ ഭൂമി അല്ലെന്നും ടി സ്ഥലം 1971-ല കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് അസൈൻമെന്റ്) ആക്ട് പ്രകാരം സർക്കാർ നിക്ഷിപ്ത വനഭൂമി ആണെന്നും ബോദ്ധ്യപ്പെടുകയുണ്ടായി. അന്വേഷണത്തിൽ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വനംവകുപ്പ് ഉദ്യോഗസ്ഥൻമാരുടെയും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥൻമാരുടെയും ഭാഗത്തുനിന്നും ഗുരുതരമായി വീഴ്ച ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ഡി) പ്രാഥമികാന്വേഷണത്തിൽ ഉത്തരവാദികളെന്നു കണ്ടെത്തിയ 11 വനം വകുപ്പു ഉദ്യോഗസ്ഥൻമാരെ ശിക്ഷണ നടപടിയ്ക്ക് വിധേയമായി സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. റവന്യൂ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിൽ വീഴ്ചക്കാരാണെന്നു കണ്ട റവന്യൂ-സർവേ ഉദ്യോഗസ്ഥൻമാരുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് ചന്ദനത്തടി കള്ളക്കടത്ത്

84 (419) ശ്രീ. ടി.കെ. നൗഷാദ് :

LIBRARY ARCHIVES Kerala Legislative Assembly